



# ഔട്ട് ലുക്ക്

# 2020

സെന്റ് ആൻസ് ജി എച്ച് എസ് എസ്

കോട്ടയം





കോട്ടയം സെന്റ് ആൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ അവരുടെ യഥാർത്ഥ കഴിവുകളും സർഗാത്മകതയും ചേർത്ത് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് ***"ഔട്ട് ലുക്ക് - 2020"*** ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ കൂട്ടായ്മയായ ഈ ICT പദ്ധതിയിലൂടെ ഓരോരുത്തരും ശേഖരിച്ച കഥകൾ കവിതകൾ എന്നിവയെല്ലാം ഒന്നുചേർത്തിവിടെ സമർപ്പിക്കുന്നു.......................

ഞങ്ങളുടെ കുട്ടികളുടെ ഈ ചെറിയകലാസൃഷ്ടിയായ ***"ഔട്ട് ലുക്ക് - 2020"*** ഹൃദയം നിറഞ്ഞ ആശംസകൾ

എന്ന്

ഹെഡ് മിസ്ട്രസ്സ്

സി.സോഫിയ

സെന്റ് ആൻസ് ജി എച്ച് എസ് എസ്

കോട്ടയം

# ആശംസ

പ്രിയ വിദ്യാർത്ഥികളെ,

നിങ്ങൾ ഈ വർഷം *"ഔട്ട് ലുക്ക് 2020"* എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു എന്ന് അറിയുന്നതിൽ അതിയായ സന്തോഷം. ലോകം വിരൽ തുമ്പിലേക്ക് ചുരുങ്ങുന്ന ഈ കാലഘട്ടത്തിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകളെ കരഗതമാക്കാൻ നിങ്ങൾ നടത്തുന്ന പരിശ്രമങ്ങളെ ഞാൻ സർവ്വാത്മന ശ്ലാഘിക്കുന്നു . ഈ യുണിറ്റംഗങ്ങൾ നിങ്ങളുടെ അത്യന്ത പരിശ്രമത്തിലൂടെ സ്കൂളിലെമൊത്തം വിദ്യാർത്ഥിനികൾക്ക് മാതൃകയാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഈ മാഗസ്സിൻ നിർമ്മാണം നിങ്ങളുടെ വിവിധങ്ങളായ സർഗാത്മക കഴിവുകൾ വികസിക്കുന്നതിനു കാരണമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങുടെ ഈ അധ്വാനത്തിൻ പിന്നിൽ ചുക്കാൻ പിടിക്കുന്ന എല്ലാ അധ്യാപകർക്കും നേതാക്കൻമാർക്കും സർവ്വവിധ നന്മകളും ആശംസിക്കുന്നു.


സ്നേഹപൂർവ്വം,



ഫാ.സൈമൺ എബ്രഹാം പുല്ലാട്ട്

(സ്റ്റാഫ് സെക്രട്ടറി)

# ഉൾക്കാഴ്ചകൾ




എന്റെ ഭൂമി............................11

ആരുണ്ടിനി..........................12

സുന്ദര പ്രകൃതി.......................13

മഴ എൻ ജീവൻ......................14

അമ്മ..................................15

ധരണി................................16

ഭൂമി എന്റെ അമ്മ..................17

എനിക്കായി പെയ്തമഴ..............18

എന്റെ അമ്മ.........................19

എത്ര സുന്ദരി.........................20

പ്രിയപ്പെട്ട ഭൂമി.....................21

നീ സ്നേഹനിധി.....................23

ക്ഷമിക്കൂ...........................24

മഹാ പ്രളയം....................25
മഴ...........................26
മഴത്തുള്ളി.........................27
മഴയുടെ നാദം......................28
വെയിൽ ഗീതം...................29
ഒരു പക്ഷെ.........................30
പ്രകൃതിയിലേ വികൃതി...............31
അമ്പിളിമാമൻ.............................32
മലയാളം..............................33
ഹരിത ഭൂമി.............................34
സൗന്ദര്യ ലഹരി................35
നിശാഗീതം...........................35
അമ്മ..................................37
സ്നേഹക്കൂട്..................................38
എന്റെ കേരളം............................39
എന്റെ ഭൂമി............................40
കൃഷ്ണനാട്ടം.........................41
കേരള ക്വിസ്.........................42
ഗ്രാമത്തിലെ സന്ധ്യ....................44
പ്രകൃതി...............................45

ഭൂമി.................................45

ഭൂമിയുടെ ചരമഗീതം..................46

മഴ...................................47

സന്തോഷം...........................48

കണ്ണീരിൽ മുങ്ങിയ കേരളം..........49

കാക്ക കുളിച്ചാൽ....................50

കേരളത്തിന്റെ ചിഹ്നങ്ങൾ...........52

സ്വപ്നം..............................53

പനിനീർപ്പൂവ്...................54

മഴ വന്നേ.....................55

വാർമഴവില്ലേ..................56

നീലാകാശം............57

*ഗാന്ധിപൂജ............58*

*പ്രകൃതി...................59*

*പെയ്ത്ത് ഒഴിയാതെ.............60*

*കടവുകൾ.....................62*

*വരമ്പുകൾ.................63*

*എന്റെ അധ്യാപകർ...........64*

*പരമമായ സത്യം.............65*

*പാട്ടു കയിലേ ആട്ടു മയിലേ........67*

കുസൃതി ചോദ്യങ്ങൾ.............68
മുല്ലപ്പൂ..........................69
കേരള ക്വിസ്...............70
മഴയുടെ താളം..............71
പൈതൽ...............72
പ്രഭാതം.............73
സന്ധ്യ മയങ്ങും നേരം............74
കാലം സാക്ഷി..................74
എന്റെ അമ്മ....................75
ദർശനം.........................76
കാട്ടാടും മുന്തിരിക്കാടും.......76
നിൻ ഓർമയിൽ.................77
മൗനം.........................78
അമ്മ.......................79
ജ്ഞാനലബ്ധി.................79
സൂര്യൻ.......................83
എന്റെ കുട്ടിക്കാലം...........84
നമ്പ്യാരുടെ ഹിന്ദുസ്ഥാനി.....85
കാരാഗ്രഹം.....................86
അറിയാതെ...................88

അച്ഛൻ കൊമ്പത്ത്..........89
അത്തം ചിത്തിര ചോതി......90
ഭൂമി കേഴുന്നു.....................91
ചാച്ചാജി.....................92
എന്റെ സ്വപ്നം................93
ഗ്രാമം....................94
കടങ്കഥകൾ................95
കൊള്ളാം ഈ മഴ.................96
എന്റെ പ്രിയപ്പെട്ട കൂട്ടുകാരി........96
കുയിലിന്റെ മോഹം................97
മുത്തുമാല.......................98
നിഴൽ......................98
തിത്തിത്താരപൊയ്ക...........99
ഓമനപ്പൂവി.............100
തങ്കക്കൊടി.................100
പാവയ്ക്ക...................101
ഒന്നാം കുന്നിൽ.............102
തുടിതാളം തേടി.............103
ശലഭ സ്വപ്നം...............104
പുഞ്ചിരി.................105

പ്രളയം................105
പെയ്തു തീർന്ന മഴ.........107
നന്ദി................108




# എന്റെ ഭൂമി

ഏറെ ഇഷ്ടമാണ് വസന്തം നിറഞ്ഞ ഭൂമിയെ
പച്ചപരവതാനി വിരിച്ചുനിൽക്കുന്ന  ഭൂമിയെയും,
റോസപ്പൂവിന്റെ മണവും എനിക്കിഷ്ടമാണ്
തണുത്ത കാറ്റിന്റെ തലോടലും ,
ഭൂമിക്കു ആശ്വാസം പകരുന്ന തണുത്ത
ജലതുള്ളിയും എനിക്കിഷ്ടമാണ്
മധുര സ്വരമുള്ള കുയിലിന്റെ പാട്ടും ;
മഴയത്ത്  പീലി വിടർത്തി നൃത്തം ചെയ്യുന്ന
മയിലിനേയും എനിക്കിഷ്ടമാണ്.
മലമുകളിൽ നിന്ന് ഒഴുകുന്ന അരുവിയുടെ
കളകളാരവം എനിക്കിഷ്ടമാണ്.
മനുഷ്യർക്കും,മൃഗങ്ങൾക്കും പക്ഷികൾക്കും
സസ്യലാദികൾക്കും  മാതാവിനെപോലെയാണ് ഭൂമി.
മനുഷ്യർക്ക് തലചായ്ക്കാൻ ഒരിടം തന്ന
ഭൂമിയെ എനിക്കിഷ്ടമാണ്.
എന്റെ അമ്മയാകുന്ന ഭൂമിയെ എനിക്കിഷ്ടമാണ്
ഒത്തിരി ഒത്തിരി ഇഷ്ടമാണ് എന്റെ ഭൂമിയെ.


# ആരുണ്ടിനി..............

കാലന്റെ കറുത്ത കൈകളെത്തും കാറ്റി-
ലാഴത്തിൽ നിൻജീവൻ അരിഞ്ഞു വീഴ്ത്തും
സ്വർഗ്ഗരഥത്തിൽ കാൽവെയ്ക്കും മുൻപ് നീ
എന്നെക്കാണാൻ വിതുമ്പിടല്ലേ
നിന്നെകണ്ടില്ലെന്നിരിക്കയാൽ
വിങ്ങിപ്പൊട്ടിടുമെൻ മനസ്സിനെ
സമാധാനിപ്പിക്കാൻ ആരുണ്ടിനി?
ആരുണ്ടിനി ?




# സുന്ദര പ്രകൃതി

പ്രകൃതിസൗന്ദര്യത്താൽ നിറഞ്ഞുനിൽക്കുന്ന
നമ്മുടെ ഭൂമി........
ഐശ്വര്യങ്ങളാൽ തഴുകിയുണർത്തുന്ന ഭൂമി
ഞാൻ എന്റെ ഭൂമിയെ സ്നേഹിക്കുന്നു
എന്നേക്കാൾ അധികം സ്നേഹിക്കുന്നു
എന്റെ ഭൂമിയേ...............................
നമ്മുടെ ജീവിതം ഭൂമിയിലാണ്
മൃഗങ്ങളും പക്ഷികളും സസ്യലദാതികളാൽ
സമ്പൂർണ്ണമാണ് നമ്മുടെ ഭൂമി
നമ്മൾ മനുഷ്യർക്ക് ഭൂമി എന്നാൽ
പെറ്റമ്മയ്ക്ക് സമമാണ്.



# മഴ എൻ ജീവൻ

എന്റെ ഗതകാല സ്മരണകൾ ഉണരുന്നിതാ
മഴയൊരു ഗീതമാകുന്നുവോ എൻ മനമൊരു
മയിലായി ആടുന്നുവോ നീളുന്ന ചെമ്മണ്ണു
പാതകളിൽ
മഴനീരു നുണയുന്ന നാഗത്തെപ്പോൽ ദൂരെ
മഴനീരു നുണയുന്ന നാഗത്തെപ്പോൽ.



# അമ്മ

അമ്മതൻ ഭാവം
വെണ്മനിറഞ്ഞ ഭാവം
കൂരിരുട്ടുനീക്കി  അറിവിന്റെ
 വെളിച്ചമേകുന്ന എന്റെ അമ്മ......
ഏറെ ഇഷ്ടമുള്ള അമ്മ.......




# ധരണി

പുലർക്കാല മഞ്ഞിൽ വിരിഞ്ഞ്
നിൽക്കും പ്രകൃതിയും
പ്രകൃതികൊണ്ടുത്തന്ന വസന്തവും
തളിർത്തകാറ്റ് തരുക്കളെത്തഴുകിത്തളരവെ
പുലരിയിലൽ വന്നെത്തും സ്വര രാഗവും
ചിലയ്ക്കും പക്ഷികളും മുരളും തേനീച്ചകളും
വൃക്ഷലതാതികളും പക്ഷി പുഷ്പ്പങ്ങളും നിറച്ചതാം..
ഭൂമിയെ വന്ദിക്കു....... വന്ദിക്കു.......
ഭൂമിയുടെ ഹൃദയത്തെ തൊട്ട് അറിയണം
നാം മനുഷ്യരെല്ലാരും........




# ഭൂമി എന്റെ അമ്മ

ഭൂമി നമ്മുടെ അമ്മയാണ്
പ്രകൃതി ദൈവം നൽകിയൊരു ദാനമാണ്
നമ്മുടെ പ്രകൃതിവളരെ മനോഹരമാണ്
അതിൽ കാണാനും കുറെയുണ്ട്
പുലരിയുടെ ഭംഗി കാണാൻ ഭംഗി
കിളികളുടെ നാദം രസിക്കാൻ ഭംഗി
നമ്മുടെ ധരണിയിൽ ചെടികളും വൃക്ഷങ്ങളും
നട്ടുവളർത്തുക, സൗന്ദര്യമയമായുള്ളെന്തും
തൻ ജീവിതത്തെ മധുരിപ്പിക്കും..........



# എനിക്കായി പെയ്ത മഴ

ചന്നം പിന്നം പൊടി പൊടി മഴയെ
പെയ്തിറങ്ങുന്ന  കാലവർഷം
കുട്ടിക്കാലമെൻ  ഓർമ്മയിൽ
തങ്ങിനിൽക്കും അത് ഓർക്കുവാൻ ഏറെ ഇഷ്ടം
ചേറ്റിൽ  ആടിക്കളിക്കവേ വീണാൽ
നനവൊപ്പുവാൻ അമ്മമാർ ഓടിയെത്തും
ഏഴ വർണ്ണമായ് തരും മഴ
എനിക്കായി പെയ്ത മഴ ഏറെ ഇഷ്ടം.....




സെന്റ് ആൻസ് ജി എച്ച് എസ് എസ്
കോട്ടയം

# എന്റെ അമ്മ

മാതൃസ്നേഹത്തിന്റെ  ഉറവിടമാണ് അമ്മ
ഹൃദയത്തിൽകത്തിജ്വലിച്ച്നിൽക്കുന്ന
സൂര്യനാണ് അമ്മ
രാത്രിയിൽനിലാവായിനിൽക്കുന്ന
ചന്ദ്രനാണമ്മ
ഒരിക്കലും കെടാത്ത സ്നേഹവിളക്കാണമ്മ
ജീവിതത്തിന്റ ഇരുളിൽ പ്രകാശം
പരത്തുന്ന വിളക്കാണമ്മ
ജീവിതത്തിൽ  എന്നും
മാതൃകയാണ് എന്റെ അമ്മ
വന്ദിക്കാം വന്ദിക്കാം അമ്മയായ
വിളക്കിനെ.....

# എത്ര സുന്ദരി ....

ഭൂമി മാതാവാണെന്റെ ഭൂമി
ഭൂമികയാകുന്നു എന്റെ അമ്മ
ഭൂമികയില്ലെങ്കിൽ ഞങ്ങൾത്തൻ  ജീവിതം....
ഒരിക്കലും ഇവിടെ ജീവിക്കുവാൻ പറ്റില്ല....
അതിനാൽ ഭൂമികയാണ് എൻ അമ്മ.
എന്നു നിനച്ചു ഞാൻ എന്നെന്നും.
ഭൂമിക എന്നൊരു പ്രതിഭാസമില്ലെങ്കിൽ
ഭൂമിക എന്നൊരു പ്രതിഭാസമില്ലെങ്കിൽ
ജീവജാലങ്ങളുടെ
ജീവിതം
ഇല്ലല്ലോ.....



## പ്രിയപ്പെട്ട ഭൂമി

നന്മയുടെ മനോഹരമായ ഭൂമി
വർണ്ണങ്ങളാൽ അനുഗ്രഹീതമായ ഭൂമി
വസന്തകാലത്തിൽ ഒളിവിതറുന്ന കാലങ്ങളിൽ
ഭാഷകളാൽ  അഭിസംബോധന ചെയ്യുന്ന
നാട്ടുകളാൽ നിറഞ്ഞ ഭൂമി
സൗന്ദര്യത്തിന്റെ ചാരുതയാൽ അഭിമാനം
കൊള്ളുന്ന ഐക്യത്തിന്റെ മഹാസമാജം.
ഞാൻ എന്റെ ഭൂമിയുടെ മനോഹാരിതയിൽ
അഭിമാനം കൊള്ളുന്നു
എന്റെ ഭൂമിയെന്ന മാതാവിനെ ഞാൻ
നന്ദിയോടെ വാഴ്ത്തുന്നു.
ലോകത്തിൽ മനോഹരമായ ഒരു ഭാഗമാണ്
എന്റെ ഭൂമി
പൂക്കളും,പുഴകളും,മരങ്ങളും
നിറഞ്ഞുനിൽക്കുന്ന ഭൂമി
മനുഷ്യനെ ചുമക്കാൻ കഴിവുള്ള  ഭൂമി

എൻ സന്തോഷം നിറഞ്ഞുനിൽക്കുന്ന ഒരു

മനോഹരമായ സ്ഥലമാണ് എൻ ഭൂമി

ലോകത്തിലെ എല്ലാം മനോഹരവും നിറഞ്ഞു

നിൽക്കുന്ന ഭൂമി

സന്തോഷം നൽകുന്ന ഭൂമി

നമ്മളെ സന്തോഷിപ്പിക്കുന്ന ഭൂമി എന്നും

ഒരു പുഞ്ചിരിയോടെ

നമ്മളെ കാത്തുനിൽക്കുന്ന നമ്മളുടെ

പ്രിയപ്പെട്ട ഭൂമി



# നീ സ്നേഹനിധി

സർവ്വചരാചരങ്ങളുടേയും മാതാവായ ഭൂമി

എന്തു മനോഹരിയാണ് .

മനുഷ്യരുടെ ദുഷ്ടതകളെല്ലാം സഹിക്കുന്ന ഭൂമിക്ക്

എന്തുവോളം സഹനശക്തിയാണുള്ളത്.

മനുഷ്യരാശിക്ക് ആവിശ്യമായ എല്ലാം ഒരുക്കുന്ന

ഭൂമി, എത്രമാത്രം സേ്നഹനിധിയാണ്.


പരാതികളും വിഷമവും പറയാതെ നമ്മെ സേ്നഹിക്കുന്ന ഭൂമി, എത്രമാത്രം

കരുണയുള്ളവളാണ്

എന്നിട്ടും നമമളെന്തിനീ ഭൂമിയെ

'നശിപ്പിക്കുന്നു'

എന്തിനീ മാതൃഹൃദയത്തെ നാം ........



# ക്ഷമിക്കു

സൗന്ദര്യങ്ങളാൽ നിറഞ്ഞ എന്റെ ഭൂമി
വർണന്നങ്ങളാൽ നിറഞ്ഞ ഭൂമി
മാസ്മരികതകളാൽ നിറഞ്ഞ ഭൂമി
മാന്ത്രികങ്ങളാൽ നിറഞ്ഞ ഭൂമി
പക്ഷെ ഇപ്പോൾ
എന്റെ ഭൂമി മലിനമായിരിക്കുന്നു
എന്റെ ഭൂമി ക്രൂരതകളാൽ നിറഞ്ഞിരിക്കുന്നു
എന്റെ ഭൂമി യുദ്ധങ്ങളുടെ വൃന്ദാവനം
ആയിരിക്കുന്നു
കുഞ്ഞു ജീവനുകൾ മരിച്ച് ചോരക്കറ
പൂണ്ടുകിടക്കുന്ന എന്റെ ഭൂമി
സങ്കടങ്ങളുടെ വൻ കേദാരമായി തീർന്നു
എന്റെ-
ഭൂമി
വനിതയെ.... അടിമയെ പോലെ കാണുന്ന ഭൂമി
ഭൂമി മാതാവേ ക്ഷമിക്കു ക്ഷമിക്കു ക്ഷമിക്കു!!!

# മഹാപ്രളയം

ഹേ പ്രളയമേ മഹാ പ്രളയമേ
എൻ ജീവിതത്തിൽ തുഴഞ്ഞു
വന്ന മഹാ പ്രളയമേ
എൻ കുടുംബത്തെ ദുഃഖിതരാക്കിയ
പ്രളയമേ
എൻ അദ്ധ്യയനങ്ങളെല്ലാം മോഷ്ടിച്ച
പ്രളയമേ
ഹേ മഹാ പ്രളയമേ
എന്നുടെ മനസ്സിനെ തകർത്ത പ്രളയമേ
എൻ ജീവിതത്തിലെ ദുഃഖിതമാം അന്ന
കഷ്ടക്കാലത്തിൽ ആരംഭമേ
മഹാപ്രളയമേ................


# മഴ

ഉച്ച നേരത്തൊരു
കൊച്ചു മയക്കത്തിൽ
പിച്ചവച്ചെത്തിയ
കാർമുകിലേ
തല്ലിച്ചിതറുമാ
ചില്ലുകണക്കെ എൻ
മുന്നിലുന്മാദിനിയായ് പൊഴിഞ്ഞു
പൂക്കുന്ന തൈമാവിൻ ചില്ലുകളും
നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാടും വയൽപ്പൂക്കളും
മഴപ്പെണ്ണിന്റെ കുളിരേറ്റു വാങ്ങുന്നുവോ
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ
മല മുകളിലെ ഉറവയോടിഴുകുന്നുവോ

നിന്റെ സ്മൃതിഗീതം അലകളായ്
തഴുകിടുമ്പോഴും

# മഴത്തുള്ളി

നിൻ മഴത്തുള്ളി
കിലുക്കമൊണിപുഴ
എൻ മനസ്സിൽ
ഹൃദയതാളം
നാളെ അനശ്വരമായ നദിയിൽ
പങ്കുവെക്കാനുള്ളതാണ് നിൽക്കാത്ത ധാര......



# മഴയുടെ നാദം

വാനിൽ നിന്നുള്ള പവിഴമുത്തുകളാണീ മഴ.
ആഘോഷഭരിതമായി പെയ്യും മഴ.
മനസ്സിനാമോദമേകും മഴ.
കണ്ണിനുകളിർമ്മയേകും മഴ
മഴത്തുള്ളികൾ പൊട്ടിവീഴുന്നതുകാണാൻ എന്ത്
ഭംഗി.മഴത്തുള്ളികൾ ദേഹത്തു പതിക്കുമ്പോൾ
അത് മനസ്സിനു സന്തോഷമേകുന്നു
ദു:ഖങ്ങളൊക്കയും വാർത്തെടുക്കും മഴ

# വെയിൽ ഗീതം

കനൽക്കുട്ടി കായലിന്റെ അടിത്തട്ടിൽ തീയെരിച്ച്
കതിരോട്ടം തിരയോട്ടം കണ്ടുപിടിച്ച മനുഷ്യർ
മുഖത്തേയ്ക്കിട്ട മുഖംപോളളി മടങ്ങുമ്പോളാണ്
വെയിലേ നിന്നെ തിരിച്ചറിയുന്നത്........



# ഒരുപക്ഷെ

കാറ്റിന്റെ  കൈകളിലാലോലമാടുന്ന
കാട്ടുച്ചെന്താമരപ്പൂവെ നിന്റെ
പൂവിതൾമെത്തയിൽ  നിദ്രക്കൊണ്ടിടുന്ന
പൂമ്പൊടിക്കെന്തൊരു സൗരഭ്യമാം
വർധിച്ചവാത്സല്യ പൂരത്തിനാലെ നീ
താരാട്ടുപ്പാടുകയാകുമല്ലേ
കാറ്റിന്റെ മർമ്മരശബ്ദമോ താരാട്ടി
ന്നീണം പകർന്നങ്ങു നൽകിയതും?
ഓളങ്ങൾ തന്നുടെ ചാഞ്ചാട്ടവും
താളംപ്പിടിച്ചങ്ങുനിന്നിരിക്കാം
മന്ദമിണങ്ങുന്നൊരോമൽ കിടാവിനായ്
കാണിക്കയോ കൈക്കുമ്പിളിൽ?
ചുണ്ടത്തു പാട്ടുമായി ആ വഴിയെത്തുന്ന
വണ്ടിനു ,മോഹിതമാനസനും
ആനന്ദചഞ്ചല ഹൃത്താൽ മധുകണം

# പ്രകൃതിയിലെ വികൃതി

കുയിലിന്റെ പാട്ടും , പൂവിന്റെ ഗന്ധവും
ഗിരിയെ വന്നു തൊട്ടു തഴുകിയ തെന്നലും
ഒരു പകലും സുന്ദരം........

നിലാവിന്റെ വെളിച്ചം,വിരിയുന്ന പൂവും
ആകാശം നെറ്റിയിൽ തൊട്ട പൊട്ടും
ഒരു രാത്രിയും സുന്ദരം......

വെയിലോ മഴയോ , മഞ്ഞോ,തീയോ
വെളിച്ചം കരങ്ങളിലേന്തും

# അമ്പിളിമാമൻ......

അമ്പിളിമാമൻ മാനത്ത്
കമ്പിളി കൊണ്ടു പുതയ്ക്കുന്നേ!
കമ്പിളിയല്ല കിളിക്കുഞ്ഞേ
കാറ്റത്തോടും കരിമേഘം!
അമ്പിളിമാമൻ മാനത്ത്
അയ്യോ പാലു കമഴ്ത്തുന്നേ!
അതു പാലല്ല കിളികുഞ്ഞേ
ആകാശത്തെ നിലാവാണേ!
നമ്മളെ  മാമൻ നോക്കുന്നു
നമ്മോടെന്തോ പറയുന്നു
ഇങ്ങനെ മാമൻ പറയുന്നു
നിങ്ങളെയൊക്കെയെനിക്കിഷ്ടം!

# മലയാളം

ഭൂമിയും ശാസ്ത്രവും ഒന്നുകുടിയ മലയാളം
പുണ്യൻമാർ വന്ന് വാഴ്ത്തിയ മലയാളം
മലയാളം ഭാഷ കേവലം പാടി സ്തുതിച്ചാലും
പുതുജീവൻ എന്നിൽ ഏന്തിയ
എൻ സുന്ദര ഭാഷ മലയാളം
എൻ അമ്മയ്ക്ക് തുല്യമായ ഭാഷ
എൻ ജീവന്റെ തുടിപ്പായ
എന്റെ സുന്ദരമായ മലയാളം...

അ ഉ പ
യ ഔ

# ഹരിതഭൂമി

പ്രകൃതിതൻ എൻ മടിത്തട്ടിൽ ചാഞ്ഞുറങ്ങുമ്പോൾ
എന്റെ മനസ്സ് സന്തോഷ പൂരിതമാകുന്നു.
അമ്മതൻ സ്നേഹം കിട്ടാത്ത കുഞ്ഞുങ്ങള്
പോലെ ആ അമ്മയെ ചൂഷണം ചെയ്യുന്ന മക്കൾ
ഇപ്പോഴും അവരാ അമ്മയെ ഓർക്കുന്നില്ല
പെറ്റമ്മതൻ മുലപ്പാൽ കുടിക്കാത്ത കുഞ്ഞുങ്ങളെ പോലെ
അവരാ അമ്മയെ നശിപ്പിച്ചു. എന്റെ അമ്മേ...നീ എവിടെ?
തിരിച്ചു വരില്ല എന്ന് അറിയാമെങ്കിലും നിന്റെ
സൗന്ദര്യം കാണാൻ ഒരു മോഹം
നിന്നെയും കാത്ത് ഞാൻ ഇരിക്കുന്നു എന്റെ അമ്മേ...
എന്നു നീ വന്നാലും അണയാത്ത സ്നേഹവുമായി
നിന്നെയും കാത്തിരിക്കുന്നു ഞാൻ
വേഗം വരു എന്റെ അമ്മേ നീ എൻ ചാരേ !

---

# സൗന്ദര്യ ലഹരി

പച്ചിലചാർത്തിയെൻ ജീവൻ നിലനിർത്തുന്ന
അമ്മയാണെൻ ഭൂമി
പ്രകൃതിയാം എന്റെ അമ്മയെ ഞാൻ സ്നേഹിക്കുന്നു-
വെങ്കിലും കരയുന്ന അമ്മ തൻ മക്കൾ കാരണം...
താൻ ജീവൻ നൽകി മക്കളെ സംരക്ഷിക്കുന്ന
അമ്മയെ കൊല്ലുന്ന മക്കൾ
വൃക്ഷങ്ങളാലൽ സമൃദ്ധമായിരുന്ന ഭൂമിയെ
ചുട്ടെരിക്കുന്നു ഇവർ...............
തിരികേ പിടിക്കാം ആ ഭൂമിയായ അമ്മയേ...
നമ്മൾ തകർന്ന ആ സ്നേഹത്തെ തിരികെ
കൊടുക്കാം അതേ മാധുര്യത്തോടെ.

## നിശാഗീതം

കുരിരുട്ടിന്റെ നിഗൂഢമാം

നിശാമാരിയിലെവിടെയോ

നിശാപക്ഷി ചിലയ്ക്കുന്നു

നിശാമാരി നീ തിരിച്ചറിയുന്നുവോ...

ആ ജീവിതൻ നാദത്തെ

അതവയുടെ നാദമോ ഗദ്ഗദമോ?

കൂരിരുട്ടിലെവിടെയോ മറഞ്ഞുനിന്നൊ-

ഴുകും ;

കണ്ണീരിന്റെ നനവിനെ എന്തിനു

നീ നിന്റെ ശക്തമാം ജലകണി-

കകളിൽ കൊണ്ടു മറയ്ക്കുന്നു

നിശബ്ദമാം ഈ നിശാ വേളയിൽ

താനേയിരുന്നു മിഴി ഈ

പക്ഷി ചുണ്ടിലെ ഗദ്ഗദത്തെ

നീ എന്തിനെ അറിയുന്നുവേ?

# അമ്മ

അ എന്ന അക്ഷരം

എന്നുകേട്ടാൽ സ്നേഹത്തിന്

നീരുറവയാണ്.......... അമ്മതൻ

കുഞ്ഞിനെ തോളിലേറ്റി

ഉറങ്ങുന്ന ആ സുഖം മറ്റെവിടെയും കിട്ടിയും

ആ സുഖം എന്റെ അമമ

മറക്കില്ല ആ സ്നേഹമാണ്

ഞാൻ..............

# സ്നേഹക്കൂട്

മാതൃസ്നേഹത്തിന്റെ ഉറവിടമാണ് അമ്മ
ഹൃദയത്തിൽ കത്തിജ്വലിച്ച് നിൽക്കുന്ന
സൂര്യനാണമ്മ
രാത്രിയിൽ നിലാവായി നിൽക്കുന്ന ചന്ദ്രനാണമ്മ
ഒരിക്കലും കെടാത്ത സ്നേഹവിളക്കാണമ്മ
ജീവിതത്തിന്റെ ഇരുളിൽ പ്രകാശം
പരത്തുന്ന വിളക്കാണമ്മ.
ജീവിതത്തിൽ എന്നും മാതൃകയാണ്
എന്റെ അമ്മ
വന്ദിക്കാം വന്ദിക്കാം അമ്മയായ വിളക്കിനെ..........

# എന്റെ കേരളം

എന്റെ കേരളം എത്ര സുന്ദരം
വിവിധ തര കലകൾ ഈ നാട്ടിലുണ്ട്
പലവിധ നമസ്കാരങ്ങളും ഇവിടെയുണ്ട്
കേരളമെന്ന് കേൾക്കുമ്പോൾ
വായലാർ, ചങ്ങമ്പുഴ, എഴുത്തച്ഛൻ
കാളിദാസനെന്നിവരെ നാം ഓർക്കുന്നു
ജീവന്റെ സ്രോതസ്സുകളായ
പുഴകളും തോടുകങ്ങളും നമ്മുക്കുണ്ട്
ഇന്ന് ജാതിയുടെ പേരിൽ തമ്മിൽ തല്ലുകയും
പിഞ്ചുകുഞ്ഞുങ്ങളെ കൊല്ലുന്നതുമായി
കേരളത്തിന്റെ അവസ്ഥ
എങ്കിലും പ്രളയസമയത്ത് ശത്രുതയില്ലാതെ
മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുകയും
സാമ്പത്തികമായി അവരെ സഹായിക്കുകയും ചെയ്തു
അതിനാൽ വിദേശികൾ നമ്മുടെ നാടിനെ
വിശേഷിപ്പിക്കുന്നത് ദൈവത്തിന്റെ സ്വന്തം നാട്
എന്നാണ്....................

# എന്റെ ഭൂമി

സസ്യലദാധികളും പക്ഷിമൃഗാദികളും
കുളിർതേൻ അരുവികളും
ചെറുകുന്നുകളും മാമലകളും
താഴ് വാരങ്ങളും
തലയുയർത്തിനിൽക്കും പർവതനിരങ്ങളും
ഒത്തു ചേരും ഭൂമി
ഭൂമി ആകുന്ന അമ്മ തന്നെ പ്രകൃതി
നാം ആസ്വദിക്കണം
ഭൂമിയെ നശിപ്പിക്കാതെ
കാത്തുസൂക്ഷിക്കണം

# കൃഷ്ണനാട്ടം

കേരളത്തിന്റെ തനതുകല എന്ന് വിശ്വപ്രസിദ്ധിയാർജ്ജിച്ച കഥകളിയുടെ മൂലകലയും കേരളീയമായ ആദ്യത്തെ നൃത്തനാടകവുമാണ് കൃഷ്ണനാട്ടം. കൃഷ്ണഗീതിയെ അഷ്ടപദിയെന്നും പറയുപോലെ കൃഷ്ണനാട്ടത്തെ അഷ്ടപദി-യാട്ടം എന്നും പറയുന്നു .

ഗുരുവായൂർ ക്ഷേത്ര-ത്തിൽ വഴിപാടായി കൃഷ്ണനാട്ടം നടത്താറു-

ണ്ട്.എട്ടുദിവസത്തെ കളിയാണ് കൃഷ്ണനാ-
ട്ടം.എട്ടുനാഴി
എണ്ണ,എട്ടുതിരി,എട്ടുകുട്ടികൾ,
എട്ടുനാഴിക നേരത്തെക്കളി എട്ട ചേർന്നു-
ള്ള കണക്കുകളാണ് കൃഷ്ണ്നാട്ടത്തിന്റെ
പ്രത്യേകത.

## കേരള ക്വിസ്

കേരളവുമായി ബന്ധപ്പെട്ട 7 ചോദ്യങ്ങളും
ഉത്തരങ്ങളും

1. ഭാരതമെന്ന പേരു കേട്ടാൽ അഭിമാനപൂരിത
മാകണമെന്നന്തരംഗം ചോര നമുക്ക് ഞരമ്പുകളിൽ
ആരുടെ വരികളാണ് ?

- വള്ളത്തോൾ നാരായണമേനോൻ.

2.കേരളം സന്ദർശിച്ച ആദ്യത്തെ അറബ് സഞ്ചാരി

-മാലിക് ദിനാർ.

3.ക്രിസ്തുമത പ്രവാചകനായ സെന്റ് തോമസ് കേരളത്തിൽ എത്തിയതെന്ന്?

-എ.ഡി.52.

4.പ്രാചീനകേരത്തിലെ ഏറ്റവും പ്രധാന തുറമുഖം

-മുസ്സിരിസ് കൊടുങ്ങല്ലൂർ.

5.ആദ്യമലയാള പത്രം

-രാജ്യസമാചാരം (1847,ഗുണ്ടർട്ട്)

6.കേരളത്തിലെ ആദ്യ വനിതാ മാസിക

-കേരളീയ സുഗുണ ബോധിനി

7.കേരള മദ്യനിരോധനമിതിയുടെ ആദ്യ പ്രസിഡന്റായിരുന്നതാര്?

-ലക്ഷ്മി എൻ മേനോൻ(1978)

## ഗ്രാമത്തിലെ സന്ധ്യ

നൂറു പാടങ്ങൾക്കു നീർ കൊടുക്കും
ആർമാദിച്ചു കുതിച്ചൊഴുകി
രണ്ടുകരയ്ക്കും കുലച്ചും നിൽപ്പൂ
തണ്ടുകൾ ചാഞ്ഞുലഞ്ഞാറ്റുവഞ്ചി
കരയിലെ കാറ്റിൽ പറന്നപോലെ
കുരുവികൾ മാനത്തലഞ്ഞിടുമ്പോൾ
ചെറുചെറു തോണികൾ ചൂണ്ടലുമായ്...............

# പ്രകൃതി

**കിഴക്കൻ ആകാശത്ത് വന്ന് ഉദിക്കുന്ന സൂര്യനും**
**നക്ഷത്രങ്ങളുടെ കൂടെ ഉല്ലസിച്ച് നടക്കുന്ന ചന്ദ്രനും**
**പാറി പറന്ന് വരുന്ന കാറ്റും ഹാ.........എന്ത്**
**മനോഹരമാണ്**
**ഈ ഭൂമി എത്ര മനോഹരം**
**അത് കണ്ടാസ്വദിക്കൂ ആനന്ദിക്കൂ.............**

# ഭൂമി

അമ്മ പോൽ തോളിലേറ്റുന്ന ഭൂമി നമ്മെ

നന്മയും സ്നേഹവും പൂണ്ട ഭൂമി

എന്നെന്നും നാം കൂടെ വാഴും ഭൂമി

മൺകലം പോൽ മേഞ്ഞെടുത്ത ഭൂഘണ്ടം ഭൂമി

ജീവശ്വാസം നിലക്കാത്തതൊന്നെൻ ഭൂമി

മരണത്തിൽ നാം കൂട്ടായി വാഴുന്നതൊന്നെൻ

ഭൂമി

ഒരിക്കലും കൈവടിയാത്ത സമ്പത്തെൻ ഭൂമി

**വിശ്വസിക്കുന്ന മാർഗ്ഗം എൻ ഭൂമി .**

സെൻ്റ് ആൻസ് ജി എച്ച് എസ് എസ്

കോട്ടയം

# ഭൂമിയുടെചരമഗീതം

ഇനിയും മരിക്കാതെ ഭൂമി
നിന്നാസന്നമൃതിയിൽ
നിനക്കാത്മശാന്തി
ഇത് നിന്റെ എന്റെയും
ചരമശ്ശുശ്രൂഷയ്ക്ക്
ഹൃദയത്താലിന്നേ കുറിച്ച് ഗീതം
മൃതിയുടെ കറുത്ത വിഷപുഷ്പം
വിടർന്നതിൽ തിഴലിൽ നീ നാളെ
മരവിക്കേ
ഉയിരറ്റനിൻ മുഖത്തശ്രു
ബിന്ദുകളാൽ
ഉറുകം പകർന്ന വിലപിക്കൻ
ഉറുകം പകർന്ന വിലപിക്കാൻ
ഭൂമി ഭൂമി ഭൂമി

# മഴ

മുത്തുമണികൾ ചിതറുന്നപ്പോലെ മഴത്തുള്ളികൾ
എന്റെ മനസ്സിൽ തട്ടുന്നു
ഞാൻ മഴയെ അതി മനോഹരമായ കാണുന്നു
മഴത്തുള്ളികൾ ചിന്നി ചിതറുന്ന ശബ്ദം
എന്റെ കാതുകളിൽ മുഴങ്ങുന്നു
പ്രകൃതി തരുന്ന വരമാണ് മഴ
ആ വരത്തെ ഞാൻ
ആസ്വദിച്ചുകൊണ്ടിരിക്കുന്നു
ഓടിൻ പുറത്തേക്ക് വീഴുന്ന
മഴതുള്ളികൾ സൗന്ദര്യം തുളമ്പുന്ന
പവിഴ മുത്തായി ഞാൻ കാണുന്നു
മഴ തരുന്ന ഭൂമിദേവിയേ ഞാൻ എന്നു
സ്നേഹിക്കുന്നു.........

# സന്തോഷം

എത്രനാൾ ഇങ്ങനെ ദുഃഖിച്ചീടും മനുഷ്യാ നീ ?
സന്തോഷത്തിനായി കൊതിക്കു മനുഷ്യാ നിൻ
ഹൃദയത്തിൽ നീ ആനന്ദിച്ചാർത്തീടും
എത്രനാളീ ക്രോധം തുടർന്നുകൊണ്ടിരിക്കും ഒന്നു
പൊട്ടിച്ചിരിക്കു,
നീ നിന്റെ ജീവിതം എത്രനാളത്തേക്ക്
അസ്വസ്ഥതനായി സഹിച്ചുകൊണ്ടിരിക്കും,
ഇത്തിരി സന്തോഷം നീ നിന്നിൽ അനുഭവിക്കുക
എന്തൊരു സമാധാനമേ നിന്റെ ജീവിതം.
നീ നിന്നിൽ പ്രത്യാശവെച്ച്
സന്തോഷിച്ചാർത്തിടുക

# കണ്ണീരിൽ മുങ്ങിയ കേരളം

2018-ൽ ഉണ്ടായ വൻ പ്രളയത്തിൽ കേരളത്തിന്റെ അവസ്ഥ വളരെ ദയനീയമായിരുന്നു. പ്രളയത്തിൽ സ്വന്തം കുടുംബവും വീടും നഷ്ടപ്പെട്ടവർ ഒട്ടേറെ മനുഷ്യർ ഇന്നും കരളത്തിൽ ദുരിതത്തോടുകൂടി കഴിയുന്നു. ഇന്ത്യൻ നാവികസേനയുടെയും മത്സ്യതൊഴിലാളികളുടെയും കഠിനാധ്വാനത്താൽ 90 ശതമാനം മനുഷ്യരെ രക്ഷിക്കാൻ കഴിഞ്ഞു.പഴയ തലമുറ അവഗണിച്ച പുതിയ തലമുറയാണ് രക്ഷാപ്രവർത്തനം നടത്തിയത്.100-ൽ അധികം ദുരിതാശ്വാസ ക്യാമ്പുകൾപ്രവർത്തിച്ചത് അവർക്കാവശ്യമായ ഭക്ഷണസാധനങ്ങൾ വസ്ത്രങ്ങൾ എന്നിവ

ലഭ്യമാക്കാൻ കേരളസർക്കാരിനു ഭംഗിയായി കഴിഞ്ഞു.

*******************************************

# കാക്ക കുളിച്ചാൽ

കറുക്കറുത്ത് കരിക്കട്ടപ്പോലെ കാക്കച്ചി വാഴക്കൈയിൽ ഇരുന്നാലും വഴിവക്കിലിരുന്നാലും ആരുംമവളെത്തിരിഞ്ഞു നോക്കില്ല തൊണ്ടപ്പൊട്ടിക്കര-ഞാലോ കേൾക്കുന്നവർ അസഹ്യതയോടെ കാതുപ്പൊത്തും കള്ളികാക്കയെന്നും ക്കരിങ്കാക്കയെന്നുമൊക്കെയുള്ള പ്റാക്ക് കേട്ട് മടുത്തു ദൈവമേ ആർക്കും വേണ്ടാത്ത ഈ ശരീരം എനിക്ക് എന്തിനാണ്തന്നേ എന്ന് പറഞ്ഞ് കാക്കച്ചി കണ്ണീരൊഴുക്കുന്നു അപ്പോൾ ദാ ഒരു വെണ്മേഘത്തുണ്ട് പറന്നിരങ്ങുന്നു മേഘത്തുണ്ടല്ല വെളുവെളുത്തൊരു കൊറ്റി നോക്കിയാൽ കണ്ണെടുക്കാൻ തോന്നില്ല അത്രയ്ക്കാണ് ഭംഗി കാക്കച്ചിക്ക്

ഇരിക്കപൊറുതിയുണ്ടായില്ല എങ്ങനയാ തനിക്കി പഞ്ഞിയുടെ നിറം ഉണ്ടാകയെ എന്ന് കൊറ്റിക്ക് ഒരു കൊച്ചു കുസൃതി തോന്നി"അതൊ? ഈ പുഴയിൽ നിത്യം മിങ്ങിക്കുളിച്ചിട്ടാ.പലവട്ടം മുങ്ങിപ്പൊങ്ങി കൊറ്റി പറന്നുപ്പോയി.സന്തോഷംക്കൊണ്ട് മതിമറന്നു കാക്കച്ചി.കുളിച്ചുകുളിച്ചു ഞാനും കൊറ്റേപ്പോലെ വെളുക്കുംകാക്കച്ചി പുഴയിലിറങ്ങിമുങ്ങി വെള്ളത്തിന് മഞ്ഞുക്കട്ടപ്പോലെ തണ്ണുപ്പാണ്.അവൾ തണ്ണുത്തുവിറച്ചു. ഇത്തിരി തണ്ണുത്താൽ എന്താ ദേഹം വെളുക്കുലേ എന്ന് പറഞ്ഞ് അവൾ പിന്നെയും പൊങ്ങി പിന്നെയും മുങ്ങി ഒന്ന്,രണ്ട്,മൂന്ന്,നാല്......തണ്ണുപ്പ് കാക്കച്ചീടെ എല്ലിൽ തുളച്ചുകയറി തൊണ്ണൊറു,തൊണ്ണൂറ്റൊന്ന്............ ആകെ തളർന്നിട്ടും വാശി വിട്ടില്ല അവൾ കരിക്കട്ടചിറകിനു പകരം ളുവെള്ളചിറകുള്ള മാലാഘ പോലാ പറക്കുന്നത് സ്വപ്നം കണ്ടു ആവേശത്തോടെ മുങ്ങി,അവൾ പുലർച്ചെ പുഴയോരത്ത് ചത്തുമരിച്ചു കിടന്നു കാക്കച്ചി .കാക്ക കുളിച്ചാൽ എന്താ സംശയം?

സെന്റ് ആൻസ് ജി എച്ച് എസ് എസ്
കോട്ടയം

ഒരിക്കലും കൊക്കാവില്ല..

# കേരളത്തിന്റെ ചിഹ്നങ്ങൾ

മൃഗം - ആന

പക്ഷി - മലമുഴക്കിവേഴാമ്പൽ

പുഷ്പം - കണിക്കൊന്ന

വൃക്ഷം - തെങ്ങ്

ഫലം - ചക്ക

മത്സ്യം - കരിമീൻ

പാനീയം - കരിക്ക്

# സ്വപ്നം

ചുവന്ന പനിനീർപ്പൂക്കൾ  നെഞ്ചിലെറ്റിയത്
വ്യർത്ഥമായ സ്വപ്നങ്ങളായിരുന്നു.
ചെന്നിറം പൂണ്ട കിനാക്കളുടെ വേനൽച്ചുടിൽ
ഉരുകിയിറങ്ങിയത് ഹൃദയ രക്തമായിരുന്നു
കിനാക്കളുടെ ശോണിമയിൽ
ഇതളുകൾ പൊഴിഞ്ഞതോ
വേനൽ ചൂടിൽ ഊഷരമായ ഭൂമിയിലും
എങ്കിലും സ്വപ്നങ്ങളുടെ താഴ്വരയിലെ
വേനൽച്ചൂടിലും ഹിമബിന്ദുവിന്റെ
നനവായിരുന്നു.

# പനിനീർപൂവ്



ഞാൻ നട്ടുവെള്ളമൊഴിച്ചു വളർത്തൊരു
നല്ല റോസാച്ചെടി പൂത്തുനില്പൂ!
പച്ച വില്ലീസിനെ വെല്ലുമിലകളും
പാരം തുടുത്തുള്ള പൂക്കളുമായി;

മുറ്റമഴകു കലർന്നിന്നു മിന്നുന്നു
മുറ്റത്തിന്നേറ്റൊരലങ്കാരമായ്
കമ്പൊന്നു പണ്ടു കുഴിച്ചു ഞാൻ
വച്ചതു
കണ്ടാലും,വച്ചു തഴച്ചിതിപ്പോൾ;

കല്യാണം വീട്ടിന്നു കൈവളർത്തീടുന്നു
കണ്ണും കരളും കവർന്നീടുന്നു.
ഏറ്റം വിരിഞ്ഞണിമേനിയിൽ നീർത്തുള്ളി-
യേറ്റു വിളങ്ങിമീപൂവിനെല്ലാം

എന്തൊരു വർണമിതെന്തൊരു മാർദവ-
മെന്തൊരു സൗരഭ്യമമ്പമ്പമ്പോ!
കൊച്ചുകിളികൾ മണപ്പിച്ചു നോക്കുന്നു!
കോൽത്തേൻ നുകരുന്നു വണ്ടിനങ്ങൾ!

ഓമൽപ്പനിനീർമലരെ,നിനക്കിപ്പോ-
ളൊപ്പമെന്തുള്ളതീപ്പാരിടത്തിൽ

— ഉള്ളൂർ

# മഴ വന്നേ

പുതുമഴ പറന്ന പുതിയമഴ
പുതുമഴ വന്നെ മഴ വന്നേ
മഴയുടെ പൂരം പൊടിപൂരം
കാറ്റു ശക്തിയിൽ വീശുന്ന

തോടുകൾ നിറ നിറ നിറയുന്നു
ഇടിയും മിന്നലും ഉണ്ടായി
തോരാമഴയായ് പെയ്യുന്നു

പുതുമഴ വന്നെ പുതിയമഴ
ഭംഗിയാർന്നൊരു താളത്തിൽ
ചറ....പറ പെയ്യും മഴയാണേ
ശക്തിയാർന്നൊരു പെരുമഴയാണേ
പുതുമഴ അങ്ങനെ തകർത്തുപെയ്തു
പുതുമഴ വന്നേ മഴവന്നേ.

# വാർമഴവില്ലേ!

വാർമഴവില്ലേ, വന്നാലും
വാനിൻ മടിയിലിരുന്നാലും!
കൺകുളിരുന്ന കാണുമ്പോൾ
കരൾനോവുന്ന മായുമ്പോൾ
ആരു നിനക്കീ നിറമേകി?
ആരു നിനക്കീ നീല നൽകി?
എന്നെക്കൂടി വിളിക്കാമോ?
നിന്നുടെയരികെയിരുത്താമോ?
താഴത്തേക്കു വരുന്നില്ലേ?
തന്നെയിരുന്നാൽ മുഷിയില്ലേ?
ആരു നിനക്കൊരു കഥപറയാൻ?
ആരുണ്ടവിടെയൊരുമ്മതരാൻ?
വന്നുകളിപ്പാൻ കൊതിതോന്നും
നിന്നുടെ കൂടെയിവനെന്നും
വാർമഴവില്ലേ മായല്ലേ!
അഴകിൽ തെല്ലേ പോകല്ലേ

# നീലാകാശം

അതിരില്ലാതെ പരന്നുകിടപ്പു
ണ്ടാകാശം , നീലാകാശം
അവിടെ പക്ഷി കണക്കേ പായാൻ
കവിയുന്നുണ്ടേ മോഹം
ചിറകില്ലാതെ പറക്കാനാവുമോ
ചിന്താശൂന്യതയല്ലേ?
ഗഗനരഥത്തിൽ കയറിപ്പോകാം
ഗതിയില്ലല്ലോ വേറെ
എന്നാലെന്റെ മനസ്സിനു ചെല്ലാ-
മെല്ലാദിക്കിലുമൊപ്പം
ചിറകില്ലാതെ , രഥമില്ലാതെ
പാറാനെങ്ങനെയാവും?
ആരു കൊടുത്തു ശക്തി മനസ്സിനു
ദൂരം തരണം ചെയ് വാൻ?

-

വെണ്ണിക്കുളംഗോപാലക്കുറുപ്പ്.

# ഗാന്ധിപൂജ

-എസ്സ്.രമേശന്.നായര്

ആരുടെ വിനയം നമ്മുടെ നാടിനു
സ്വാതന്ത്ര്യത്തിൽ കൊടിയായി,
അഹിംസാമന്ത്രം കൊണ്ടീ
ഭാരത രാഷ്ട്രപിതാവായി,
ആരുടെ മുന്നിൽ ബ്രിട്ടീഷ് തോക്കുക-
ളാദരവോടെ തലതാഴ്ത്തി,
ആരുടെ ചർക്കയിൽ നമ്മുടെ ഭാരത-
ജീവിതനൂലുകലിഴയായി,
ആരുടെ പേരു 'രഘുപതിരാഘവ' കേട്ടി-
ട്ടാഴികൾ പോലുമനങ്ങാതായ്,
ആരുടെയുപവാസങ്ങൾ നമ്മുടെ
ഭാരതഭാഗ്യപ്പൊലിമകളായ്,
ആ മഹാത്മാഗാന്ധിയെ മാത്രക-

യാക്കുക നമ്മുടെ കർത്തവ്യം
പുണ്യാത്മാവാമദ്ദേഹത്തെ
പൂജിക്കുന്നതുമൊരു പുണ്യം.

••••••••••••••••••••••••••••••••••••••••••••••

# പ്രകൃതി

വിശ്വസുന്ദരിയാം എൻ പ്രകൃതി
നിൻ വശ്യസൗന്ദര്യം പ്രകടമാക്കു
പച്ചപ്പടർപ്പു മൂടി നിന് സൗന്ദര്യം
വിശ്വമാം ഭൂമിയിൽ പ്രകടമാക്കു.

മൗനമായ് നിൽക്കും നിൻ മൂകഗാമം
വീശുന്ന കാറ്റിൽ പ്രകടമാക്കു
പനിനീർ മണമുള്ള നിൻ സുഗന്ധം

മായയാം വായുവിൽ പ്രകടമാക്കു.

വിശ്വമാം ഭ്രവിലെ ജീവന്റെ ശബ്ദം കേൾക്കുന്ന നീ
എന്തേ നിൻ ശബ്ദം ഭ്രമിയിൽ കേൾക്കാത്തു
മായാതെ മറയാതെ വരുനീ എൻ പ്രകൃതി
വിശ്വമാം ഭ്രമിയിൽ നിന്നെ പ്രകടമാക്കാൻ.

## പെയ്തൊഴിയാതെ.....

പേമാരിയുടെബാക്കിപത്രമായ്
പൊന്നോണം കടന്നു വരുന്നു
ലോകമെങ്ങും ധൂർത്തിലും
ആർഭാടങ്ങളിലും മുഴുകുമ്പോൾ

പട്ടിണി,പേമാരി,വെള്ളപ്പൊക്കം

ഇന്നിന്റെ ലോകം,

അതിക്രമങ്ങളുടെ ആർത്തിയാലും

നിസംഗതയാലും കീറി-

മുറിക്കപ്പെടുന്നുവോ?

ദൈവ സ്നേഹത്തിൽ രക്ഷാകരമാം

കരസ്പർശം ചോർന്നു പോകയോ ?

ഇല്ല ? വൈകിയതില്ല

ഇനിയും നേരമേറെയുണ്ട്

നശ്രു.നമുക്ക് കൈകോർക്കാം,

അശരണർക്ക് അത്താണിയാകാം


മുള്ളു നിറഞ്ഞ ഈ വഴിത്താരയിൽ

പനിനീർപ്പൂക്കൾ വിരിക്കാം

# കടവുകൾ

വല വീശുന്നിടത്ത് മീനുകളില്ല,
പുഴ മെലിഞ്ഞതറിയാതെ,
വാക്കുകളിൽ വീശുവലകൾ വിരിയുന്നു.
ഒടുവിൽ കായൽക്കടവിലെത്തുന്ന
ഓർമ്മകളുടെ നെടുവീർപ്പിനിടയിൽ
നന്മയുടെ പൊടിമീനുകൾ
വള്ളത്തിൽ കയറിയിട്ടു പറയും,
'ഞങ്ങളെ കെണിവച്ച്
ചതിക്കരുതേ...'

# വരമ്പുകൾ



വയൽവരമ്പുകൾ
കതിർക്കാഴ്ച്ചകളുടേത്.
മണ്ണിട്ടു നിര്കത്തി
കോട്ടകൊത്തളങ്ങൾ തീർ
ത്തിട്ട്
അവിടെയൊരു കാർഷികപ്രദർശനം
നെൽകൃഷി പടിയിറങ്ങുന്നതിനെക്കുറിച്ച്,
സംവാദം.
വരമ്പുകളെ വരുതിയിലാക്കുന്നവർ
മതിലുകെട്ടിയടയ്ക്കുന്നു.
ഭൂതകാലഹർഷവിസ്മയങ്ങളും,
കാഴ്ച്ചകളുടെ സ്നേഹമർമ്മരങ്ങളും.

# എന്റെ അധ്യാപകർ

നമ്മുടെ പഠനമാർഗ്ഗത്തിലെ
തടസ്സങ്ങളെല്ലാമകറ്റുന്ന
ദൈവദൂതന്മാരാണ് അധ്യാപകർ
കണ്കണ്ട ദൈവമായ് നമ്മുടെ ഉള്ളിലെ
മനക്കോവിലിൽ വാഴും
ആദ്യാക്ഷരം കുറിച്ചദിവസം മുതൽ
നമ്മുടെ സുഹൃത്തുക്കളാകും
നമ്മിലെ വിദ്യകൾ
നമ്മിലേക്കെത്തിക്കും
വിനയാർദ്ര സമുദ്രമായ് അധ്യാപകർ.

# പരമമായ സത്യം

മനമെത്തും ദൂരത്ത്
മിഴിയെത്താതായി,
മിഴിയെത്തും ദൂരത്ത്
പദമെത്താതായി

കൊഴായുന്ന ദന്തങ്ങൾ
ചുളിയുന്ന തൊലിയും;
ജരയും നരയുമായ്
മൊരിപാറും ദേഹം...

മുതുകിന്നു വളവുണ്ടായ്
കുനിയുന്ന ശിരസ്സും;
അറിയാതായ് ഗന്ധങ്ങൾ,
ശബ്ദങ്ങൾ,രുചികൾ...

ഇടറുന്ന പാദങ്ങൾ
വരളുന്ന കണ്ണും,

കുറുവടി പാണിയിൽ
കൂട്ടായ് വന്നല്ലോ...

അറിയുവിൻ സഹജരേ
അഹിതമാം സത്യം
ഇവയെല്ലാം സന്ദേശ-
വാഹകർ മാത്രം...

പടികടന്നെത്തുന്ന
വാർദ്ധക്യം..... ഒപ്പം
പരമമാം സത്യമായ്
വരുമല്ലോ മൃത്യു...

*******************

## പാട്ടു കുയിലേ ആട്ടു മയിലേ

പാട്ടു കുയിലേ
പൂങ്കുയിലേ
ചക്കരമാവിൻ
കൊമ്പത്തേറി
ആട്ടുമയിലേ
ആൺമയിലേ
മയിലാട്ടുന്നൊരു
കുന്നിൽ കേറി
നിങ്ങടെ പാട്ടും



# കുസൃതി ചോദ്യങ്ങൾ

- ഏറ്റവും വലിയ മരം ?- സമരം
- പറക്കാൻ പറ്റാത്ത കാക്ക ?- ഇക്കാക്ക
- ഏറ്റവും വലിയ സിറ്റി? - ഇലക്ട്രിസിറ്റി
- കഴിക്കാൻ പറ്റാത്ത ചോറ് ?- തലചോറ്

- താജ്മഹൽ നിർമ്മിച്ചത് ആര്?- തൊഴിലാളികൾ

- താഴെയുള്ള വരയെ എന്തു പറയാം?-താഴ്വര
- ലോകത്തെമ്പാടുമുള്ള സിങ്?-നഴ്സിങ്
- ഏറ്റവും വിലപിടിപ്പുള്ള റൂം?- ഷോറൂം
- കരുണാകരൻ ആന്റണിക്ക് കൊടുത്ത പണം?-ആരോപണം
- അകത്തുമാത്രം റോഡുള്ള സ്ഥലം? - ഇൻഡോർ
- കടയിൽ കിട്ടാത്ത റേഷൻ?-ഓപ്പറേഷൻ

- ഇന്ത്യയിൽ ഏറ്റവും പ്രശസ്തമായ ബാഗ്?- ജാലിയൻവാലാബാഗ്
- തലകുത്തിനിന്നാൽ വലുതാകുന്നതാര്?-6
- കടകളിൽ കിട്ടാത്ത ജാം?-ട്രാഫിക്ക് ജാം

*****************

# മുല്ലപ്പൂ

**മുല്ലപ്പൂവിടരുമ്പോൾ**
**കാണാൻ എന്തുഭംഗി**
**തേനീച്ചകളുടെ മൂളിപ്പാട്ടും**
**തേനിൻമണവും എന്തുരസം**
**കുട്ടിപ്പാട്ടും പാടിനടക്കും**
**മിന്നാമിന്നിയും കൂട്ടിനുണ്ട്**



# കേരള ക്വിസ്

- 1.കേരള നിയമസഭയുടെ ചരിത്രത്തൽ എറ്റവും
- പ്രായം കൂടിയ അംഗം എന്ന റെക്കോഡ് ആര്‍ക്ക്?
- വി എസ് അച്യുതാനന്ദൻ
- 2.കേരളത്തിലെ വനപ്രദേശമില്ലാത്ത ജില്ല?
- ആലപ്പുഴ
- 3.ഏറ്റവും കുറവ് താലൂക്കുകളുള്ള ജില്ല?
- കാസർകോഡ്
- 4.കേരളത്തിലെ ഏറ്റവും പഴക്കമുള്ള രാജവംശം?
- അറയ്ക്കൽ രാജവംശം
- 5.രാജ്യസഭ ചെയർമാനായ ആദ്യ മലയാളി?

കെ ആർ നാരായണൻ

# മഴയുടെ താളം

ഇരുളുന്ന വാനം,മുഖങ്ങളിൽ ആനന്ദം
മാരുതൻ താൻ ആനുഗ്രഹമേറി
തൻ നേർത്ത സ്വരങ്ങളുയർത്തി
പൂവും പുഴയും പാടുന്നു
ഭൂമിദേവിയെ പുണർന്നുകൊണ്ട്
ഭൂമിയോ കോരിത്തരിക്കുന്നു
വരൾച്ച തൻ നെടുവീർപ്പിനാസശ്വാസമായ്
ജലദേവത തൻ സൗജന്യം
തളരാത്ത മാനവരാശിക്ക്
കുളിർമ്മ തൻ പുതുനാമ്പ് നൽകുന്നു
മഴതൻ തംബുരു മീട്ടുന്ന താളംഹൃദയത്തിൻ
നാശ്വാസമരുളുന്നു

# പൈതൽ

-ചങ്ങമ്പുഴ

തേനൊലിക്കുളിർച്ചുണ്ടു വിടർത്തി നൽ-
പ്പൂനിലാവൊളിപ്പുഞ്ചിരി ളുകിയും
സാരമില്ലാത്തതെങ്കിലും, മൈത്ര്യും
സാരസ്യമോലും വാക്കുകൾ കൊഞ്ചിയും

ലാലസിക്കുന്നിതങ്കണത്തിങ്കലായ്
ലൂലയിലാണ്ടൊരോമനപ്പൂമ്പൈതൽ
കണ്ണിനാനന്ദമേകാനിതിൽപ്പരം
നിർണ്ണയം, മന്നിലില്ല മറ്റൊന്നുമേ

പച്ചിലകൾ കടിച്ചു ചാഞ്ചാടിയും
കൊച്ചാട്ടിൻകുട്ടിയുണ്ടു കൂട്ടാളിയായ്.
മാമരച്ചില്ലതോറും പറക്കുന്ന

കോമളങ്ങളാം മഞ്ഞക്കിളികളെ
ചെന്നു മന്ദം പിടിച്ചെടുത്തീടുവാ-
നാന്നിടുന്ന വിഫലമായിട്ടവൻ.

# പ്രഭാതം

വർണസുരഭിലയായി പ്രഭാതം
പൂവണിഞ്ഞു
കിഴക്കൻ ചക്രവാളത്തിൽ തുറന്ന്
സൂര്യൻ പുറത്ത് വന്നു
കിളികൾ പാടി സുപ്രഭാതഗീതം
അരുവികൾ കൈകൂപ്പിനിന്നു!
ഈ ദിനം സുമധുരമാവട്ടെ
കരുണാമയനേ കൈതൊഴുന്നേൻ!
..................

## സന്ധ്യമയങ്ങും നേരം

പകലോൻ തൻറെ ചെങ്കതിരുകളാൽ
ക്ഷിതിയെ പുൽകുന്നു
വികാരവതിയാം ഭൂമിദേവി തരളിതയാകുന്നു.
തനിക്കുയരാനൂർജ്ജം നൽകും
കണവൻ പോകല്ലേ.....
വിളിച്ചുകൂവി നുരഞ്ഞുപൊന്തി
തിരമാലകളലറുന്നു
സുമവതിയായ് സുഖലോലുപയായി
ചന്ദ്രികയെത്തുന്നു.
സുരഭിലയാകും സന്ധ്യാദേവി ഒളിഞ്ഞു
നോക്കുന്നു.

## കാലം സാക്ഷി

ജീവിതത്തിന് കാലം സാക്ഷി
ജീവിതത്തിൽ ഓർമ്മകൾ ബാക്കി
കാലമേ നീ കടന്ന് പോയി

വേറിട്ട കാഴ്ച്ചകൾ ഞാൻ കണ്ടു
കാലത്തിന് ഒപ്പം കോലവും മാറി
കാലത്തിന്റെ കൈ പിടിച്ച്
നടന്ന ഞാനും മാറി
എത്ര നൂറ്റാണ്ടുകൾ കഴിഞ്ഞാലും
കാലമേ നീ സാക്ഷി

---

# എന്റെ അമ്മ

എൻ നെറുകയിൽ
തലോടി വിളിച്ചുണർത്തി
എന്റെ അമ്മ
എന്റെ കവിളിൽ മുത്ത മിട്ടുമെന്നും
എന്തു നല്ല അമ്മ

# ദർശനം

ഞാൻ ദർശിച്ചിരാവിൽ
നിലാപൂമൊട്ടുപോലെ നീ
നിൻ കണ്ണിനിടയിലെയാ
കൺമഷിക്കൂട്ടങ്ങൾ.
നിൻ ചൊടിക്കുള്ളിലെയാ
ചുവന്ന നിറം
നർമ്മം പൂണ്ടൊരാച്ചെറുചിരികൾ
തഴുകിയാടുന്ന നിൻ
ചുരുൾനീണ്ട മുടികൾ

---

# കാട്ടാടും മുന്തിരിക്കാടും

മലയോരത്ത് ഒരു കാട്ടാട് വസിച്ചിരുന്നു. ഒരിക്കൽ ഒരു നായാട്ടുകാരൻ ആവഴി വന്നു. പുല്ലും പച്ചിലയും തിന്നു നടന്ന ആടിനെ കണ്ട് വേട്ടക്കാരൻ ആമ്പെയ്തു . ആട് ആതിവേഗം ഓടിമാറി മുന്തിരിക്കാട്ടിൽ ഒളിച്ചിരുന്നു. വേട്ടക്കാരൻ പോയെന്ന് ഉറപ്പുവരുത്തിയതിനു ശേഷം കാട്ടാട്

മുന്തിരിയിലകൾ തിന്നാൻ തുടങ്ങി. മുന്തിരിക്കാട്ടിൽ അനക്കം കേട്ട വേടൻ തിരിഞ്ഞമ്പെയ്തു. ആടിന്റെ കഴുത്തിൽ തന്നെ തറച്ചു .

കാട്ടാട് നിലത്തുവീണ് അന്ത്യശ്വാസം വലിച്ചു. തനിക്ക് അഭയംതന്ന മുന്തിരികളെ തിന്നുകൊണ്ട് ആടിന് ഈ ദുരന്തം സംഭവിച്ചത്.

*" സഹായിക്കുന്നവരോട് നാം നന്ദികാണിക്കണം അഭയം തന്നവരെ ഉപദ്രവിച്ചാൽ അപകടമാണ് ഫലം."*

**********************************

## നിൻ ഓർമ്മയിൽ....

ഒരു കുളിർ തെന്നലായി,
നിന്നെ മയക്കിയ...
കനവുകൽ ആരുടേതാണ്...

ഒരു ചെറുസ്പർശമായി,
നിന്നെ ഉണർത്തിയ
നിനവുകൾ ആരുടെതാണ്...

ആറിയാതെ എഴുതിയ,

പാട്ടിൻ വരികളിൽ...

നീ പകർത്തിയ രൂപമാരുടേതാണ...

പറയാതെ നൽകിയട

മൗനമാം മധുരം...

ആരുടേതെന്നു നീ പറയുകയില്ലേ...

നിൻ ഓർമ്മ തുളുമ്പിയ,

ഹൃദയമാം താളം...

എന്തിനെന്ന് നീ പറയുകയില്ലേ..

# മൗനം

പിച്ചവച്ച പുഴയും
കൈപിടിച്ച തോഴിയും
എന്നിൽനികന്നപ്പോഴും
മൗനം!അതു മാത്രം ബാക്കി
രാഗം! താളം!ഭാവം
ഇവയോരോന്നും വഴുതിപ്പോയപ്പോഴും
രാഗാർദ്രമായ് നിന്നതു മൗനം!
മനസ്സിൽ അഗാധമാം ഗർത്തങ്ങളിൽ
വെളിച്ചത്തിൽ പാൽ നിലാവാണ് മൗനം!
ആറടി മണ്ണിൽ ശാന്തിയിൽ ലയിച്ചപ്പോഴും
സഖിയായ് നിന്ന മൗനം.

# ജ്ഞാനലബ്ധി

കാട്ടിൽ തപസ്സു ചെയ്യുകയായിരുന്ന ഒരു സന്യാസിയുടെ തലയിൽ ഒരിക്കൽ ഒരു പക്ഷി കാഷ്ഠിച്ചു.പക്ഷിയോട് ദേഷ്യം തോന്നിയ സന്യാസി അതിനെ തുറിച്ചു നോക്കി സന്യാസിയുടെ തപഃശക്തിയിൽ പാവം പക്ഷി ദഹിച്ചു പോയി.അന്നുമുതൽ അദ്ദേഹം തന്റെ തപഃശക്തിയാൽ അഹങ്കാരിയായി തീർന്നു.

ഒരു ദിവസം ഒരു ബ്രാഹ്മണഗൃഹത്തിൽ അദ്ദേഹം ഭിക്ഷാടനത്തിനു ചെന്നു. ഗൃഹനാഥയായ ബ്രാഹ്മണി ഭർത്തൃശുശ്രൂഷയിൽ മുഴുകിയിരിക്കുന്ന സമയമായിരുന്നു.ഭിക്ഷാടനത്തിനുവന്നു സന്യാസിയോട് അല്പനേരം കാത്തിരിക്കാൻ അവർ ആവശ്യപ്പെട്ടു.സന്യാസിക്ക് ബ്രാഹ്മണിയോട് കടുത്ത കോപം തോന്നി.

ഭർത്തൃശുശ്രൂഷ കഴിഞ്ഞ് ഭിക്ഷയുമായി വന്ന ബ്രാഹ്മണിയെ കോപം കൊണ്ട് അദ്ദേഹം തുറിച്ചു നോക്കി.അതുകണ്ട ബ്രാഹ്മണി സന്യാസിയോട് പറഞ്ഞു:

" തലയിൽ കാഷ്ഠിച്ച പക്ഷിയെ തപഃശക്തി കൊണ്ട് ദഹിപ്പിച്ചപ്പോലെ ഞാൻ ദഹിക്കുകയില്ല"

സന്യാസിക്ക് അത്ഭുതമായി.താൻ പക്ഷിയെ ദഹിപ്പിച്ച കാര്യം എങ്ങനെ അറിഞ്ഞെന്ന് ബ്രാഹ്മണിയോടു ചോദിച്ചു.

" ഭർത്തൃശുശ്രൂഷ എന്റെ ധർമ്മമാണ്.ഭർത്തൃപൂജയിൽ നിന്നുമുണ്ടായ ജ്ഞാനം കൊണ്ടാണ് ആ വസ്തുത എനിക്ക് മനസ്സിലായത്."

ബ്രാഹ്മണിയുടെ വാക്കുകൾ കേട്ട സന്യാസിയുടെ അഹങ്കാരം ശമിച്ചു. ധർമ്മം അനുസരിക്കുന്നവർക്ക് ജ്ഞാനലബ്ധി

കൈവരും എന്ന വസ്തുത
അദ്ദേഹത്തിന് അപ്പോൾ മനസ്സിലായി.

## അമ്മ

അമ്മതൻ ഭാവം തുമ്പപോലെ
വെണ്മനിറഞ്ഞ തുമ്പപോലെ
കൂരിരുൾ നീക്കി അറിവിൻ വെളിച്ചമേകുന്ന
മാർഗ്ഗദീപമയി എൻ അമ്മ വിളക്ക്
ലോലമായ തുമ്പപോലെ
നൈർമല്യമാർന്ന അമ്മതൻ മനസ്സ്
ദീപ്തമായ ആത്മ സൗന്ദര്യത്താൽവീടിനൈശ്വര്യമേകുന്നു

# സൂര്യൻ

പൊൻപ്രഭവിടർത്തി
ഉയർന്നു നിൽക്കും
വയസ്സനായൊരു
കാർന്നോരേ
വരണ്ടുണങ്ങി
ചുവന്നതുണ്ട്
കോപിച്ചുനില്ക്കും
കാർന്നോരേ
കാഴ്ചമായ്ക്കും
കാർമേഘത്തെ
അടിച്ചോതുക്കും
കാർന്നോരെ

# എന്റെ കുട്ടിക്കാലം

കുഞ്ഞിക്കണ്ണുകൾ പൂട്ടിയുറങ്ങും
നേരം എന്നുള്ളിൽ
ആരോ മാടിവിളിച്ചു ഞാനോ
കണ്ടു നല്ലൊരു സ്വപ്നം
മഴവില്ലിൻ പല വർണ്ണങ്ങൾ
തീർത്തു എന്നിൽ പുളകം
കൗതുകപൂർവം കേട്ടു കിളിതൻ
മാധുര്യമാർന്നൊരു നാദം
മഴമഴ പെയ്തു വെള്ളമുയർന്ന
നേരം വീട്ടുവളപ്പിൽ
കുസൃതി നിറഞ്ഞൊരു ചിരിയോടെ
ഞാനൊഴുക്കി വഞ്ചി
അമ്മ തൻ സ്നേഹവും
നിറയുന്നെന്നോർമ്മയിൽ ഇന്നു
എല്ലാംമെല്ലാം കാലത്തിന്റെ

# നമ്പ്യാരുടെ ഹിന്ദുസ്ഥാനി

മലയാളത്തിലാണ് നമ്പ്യാർ കവിതയെഴുതിയത്. പക്ഷേ, സന്ദർഭത്തിനൊത്ത് സംസ്കൃതവും ഹിന്ദുസ്ഥാനിയും, തെലുങ്കുമെല്ലാം. നമ്പ്യാർ കവിതയിൽ ഉപയോഗിച്ചിട്ടുണ്ട്. കഥാപാത്രത്തിനൊത്ത് നമ്പ്യാർ ഭാഷയിൽ "കകകകക കംസൻ കികി കികി കൃഷ്ണൻ..." എന്നിങ്ങനെത്തന്നെ സംസാരിക്കുന്നത്.

സ്യമന്തകം തുള്ളലിൽ ഒരിടത്ത് കുറെ ഗോസായികളൊത്തുകൂടുന്നത് വർണിക്കുമ്പോൾ,ഇതാ,നമ്പ്യാർ

# അവരുടെ സംഭാഷണം ചിത്രീകരിക്കുന്നത് നോക്കു:

"അച്ഛാപാനീ ഡാലോ ഡാലോ
പത്താലാവോർക്കാരീലാവോ
മെസ്സലാവോ കേലീലാവോ
തുഹിലാവോ ദുറുദേലാവോ.'

---

## കാരാഗ്രഹം

പുതപ്പു തുളച്ച്
കാട്ടുരുവിച്ചാട്ടം കേൾക്കുന്നു
ഞാനുറക്കം നടിക്കുന്നു
അത് അവളുടെ
ഉണരേണ്ടതവൾ
എനിക്കതിന്റെ കാര്യമേയില്ല
കിടക്കപ്പായ
കീറും പോലെയൊരൊച്ചക്കുർപ്പ്

എനിക്കുറക്കം വിട്ടേ പറ്റൂ
അതെൻ്റെയലാറത്തിന്നലർച്ച
രാത്രി മരിക്കുന്നതും
പകലുപിറക്കുന്നതും
ഓരോരോ ഒച്ചകളിൽ

താന്താങ്ങളുടെ
വിജനഗ്രഹങ്ങളായി
ഒത്തുതീർത്തിപ്പിന്റെ
സൗരയുഥത്തിൽ
പിടിവാശികളുടെ
ഭ്രമണപഥത്തിൽ
പഴിചാരലുകളുടെ
പരിക്രമണ പാതകളിൽ
കണ്ടുമുട്ടിയേക്കാം....
തമ്മിലുള്ളാകർഷണം
വെട്ടിച്ചു കുതറുവാൻ
പലായനപ്രവേഗം ധ്യാനിച്ച്

ഒരേ പൂപ്പാത്രത്തിലിരിക്കും
ഇരു പൂക്കളാണ് നാം...
ശിവപ്രസാദ്

# അറിയാതെ

മണ്ണിനെ അറിയാതെ
മഴയിൽ നനയാതെ
നിലാവിലേക്കിറങ്ങാതെ
ഓണമറിയാതെ
പാട്ടുകളറിയാതെ
കളിവഞ്ചിപ്പാട്ടിൽ മനം
ലയിച്ചുപോകാതെ
കുടമുല്ല വിരിയുന്ന
സുഗന്ധമറിയാതെ
കഥയുടെ കടലിൽ നീരാടാതെ
കവിത കേൾക്കാതെ
ഹൃദയത്തെ അറിയാതെ
മലയാളം പറയാതെ

മനുഷ്യനാവുന്നതെങ്ങനെ?

മലയാളിയാവുന്നതെങ്ങനെ?

# അച്ഛൻ കൊമ്പത്ത്

അച്ഛൻ കൊമ്പത്ത്
അമ്മ വരമ്പത്ത്
കള്ളൻ ചക്കേട്ടു,
കണ്ടാ മിണ്ടണ്ടാ
കൊണ്ടത്തിന്നോട്ടെ
ചക്കയ്ക്കുപ്പില്ല.

---

## അത്തം ചിത്തിര ചോതി..

### അത്തം ചിത്തിര ചോതി

അന്തിക്കിത്തറ വറ്റ്
അന്തിക്കിത്തിറ വറ്റ്
അച്ഛൻ കെട്ടിയ വേലി
അച്ഛൻ കെട്ടിയ വേലി
അമ്മ പൊളിച്ചോണ്ടോടി
അച്ഛൻ രണ്ടു വീക്ക്
അമ്മ രണ്ടു വാക്ക്
ചെക്കൻ രണ്ടു ക്രൂക്ക്..

# ഭൂമി കേഴുന്നു

നഗ്നയായ് തപ്തയായ് കേഴും

ഭൂമി യാചിച്ചിടുന്നിതേ-

വിക്ഷ സസ്യാവിതാനത്താൽ

പച്ചപ്പുടവയേകണേ

കുളിർത്തണലേകുന്ന

മരം പ്രാണികുലത്തിനായ്

വരദാനങ്ങൾ പുഷ്പങ്ങൾ

കായ്കനികനികളൊക്കെയും

തെളിതേൻ തൂവി വൃക്ഷങ്ങൾ

തൻ കൈക്കുമ്പിൾ നിറയ്ക്കയാൽ

പ്രാണഹർഷം വിതയ്ക്കുന്നു

തൈമണിത്തെന്നലൂഴിയിൽ

ജനനം മുതൽ ദേഹാന്തം

വരെയും തുണയാം മരം

ഋതുഭേദങ്ങളാൽ നിത്യ-
മംഗളം വിളയിച്ചിടും.......

# ചാച്ചാജി

ഭാരത മണ്ണിൽ നേതാവായൊരു
ധീരൻ നമ്മുടെ ചാച്ചാജി
നാടിനു മോചനമെന്നെന്നും
നേടിയെടുക്കാൻ പണിചെയ്തോൻ
കുഞ്ഞുങ്ങൾക്കൊരു കൂട്ടായി
എന്നും വാണൊരു ജവഹർലാൽ
കുപ്പായത്തിൽ റോസാപ്പൂ

ചൂടി നടന്നൊരു ചാച്ചാജി

# എന്റെ സ്വപ്നം

എന്നും ഞാൻ കാണും സ്വപ്നം
എൻ മിഴികളിൽ ഞാൻ കാണുന്ന സ്വപ്നം
എന്നും എന്നും ഞാൻ കാണും സ്വപ്നം
വിജ്ഞനമാം പാത സ്വർഗമാക്കുന്ന എന്റെ
സ്വപ്നം
ഞാൻ കാണുന്ന സ്വപ്നം
എന്നെ ഞാനാക്കിത്തീർത്ത
സ്വപ്നം
എൻ ജീവൻ വഴിതെളിച്ചു തന്ന സ്വപ്നം
എൻ മനസ്സും ശരിരവും പ്രയത്നിച്ച
സ്വപ്നം
നമ്മുടെ ഭാരതത്തെ ഉയർച്ചയിലേക്ക്
നയിച്ച സ്വപ്നം
ആ സ്വപ്നമാണ് എൻെറ വിളക്ക്.

# ഗ്രാമം..

തോടുണ്ട്. തോട്ടിൻ കരയിലുണ്ട് കളിവീട്
പോലുള്ള ചെറു വീടുകൾ വയലുണ്ട്,വരമ്പുണ്ട്.
വരമ്പിലൂടെ കരിംപനക്കൂട്ടം വളരുന്നുണ്ട്.
വളവുണ്ട് ,വഴിയുണ്ട് വഴിയിലുണ്ട്
കരിയിലക്കൂട്ടം കരയുന്നുണ്ട്.
പ്ളാവുണ്ട് ,മാവുണ്ട് മാവിലുണ്ട് മാങ്ങ
പഴുത്തു കിടക്കുന്നുണ്ട് കാലത്ത് കാലികൾ
മേയുന്നൊരിടമുണ്ട് ഇടമാകെ പുല്ല്
വളരുന്നുണ്ട്.

.....................................................................................

# കടങ്കഥകൾ

ആയിരം കിളിക്ക് ഒരു കൊക്ക്

-വാഴക്കുലയും ക്രൂമ്പും

ആയിരം വള്ളി അരുമവള്ളി,
ആറ്റിലിട്ടാലൊററവള്ളി

-തലമുടി

ഉറക്കമുണ്ട് കണ്ണടയ്ക്കില്ല

-മീൻ

ഉടുപ്പൂരി കിണറ്റിൽ ചാടി

-പഴം തിന്നുന്നത്

എന്നെക്കൊല്ലുന്നവൻ കരയും

-ഉള്ളി

ഒരു കുപ്പിയിൽ രണ്ടെണ്ണ

-മുട്ട

# കൊള്ളാമീ മഴ

തുള്ളിപ്പാഞ്ഞു വരുന്ന മഴ

തുള്ളിക്കൊരു കുടമെന്ന മഴ

കൊള്ളാമീ മഴ

കൊള്ളരുതീ മഴ

കൊള്ളാം കൊള്ളാം പെയട്ടെ

- കുഞ്ഞുണ്ണിമാഷ്

# എന്റെ പ്രിയപ്പെട്ട കൂട്ടുകാരി

**പുസ്തകത്താളിലെ അക്ഷരമാലയെ
ഒത്തുചേർക്കാൻ പഠിപ്പിച്ചന്റെ കൂട്ടുകാരി
അക്ഷരങ്ങളെ ഒരു മുത്തുമാലയ്ക്കായി കോർത്ത്
അവളെൻ മാറിൽ ചാർത്തി.**

# കുയിലിന്റെ മോഹം

കൂടുണ്ടാക്കാനറിവില്ലാത്തൊര
കുയിലിൻ പെണ്ണ് നിനയ്ക്കുന്നു.
'കാക്കകളില്ലാ നേരം നോക്കി
കാക്കക്കൂട്ടിൽ മുട്ടയിടാം
കാക്കയിടുന്ന മുട്ടകൾക്കൊപ്പം
എന്നുടെ മുട്ടകൾ വിരിയുമ്പോൾ
എന്നുടെ കുഞ്ഞിനെ അവളുടെ
കുഞ്ഞായ് കാക്കപ്പെണ്ണ്
വളർത്തുമ്പോൾ
കാഴ്ചകൾ കണ്ടും തളിരിലയുണ്ടും
പാട്ടുംപാടി വിലസും ഞാൻ.....'

.......................................

# മുത്തുമാല

ഇക്കൊടുംവനതിച്ചൂടി-
ലിന്നീമിഥുനരാത്രിയിൽ
നീ തന്ന മുത്തുമാലയ്ക്കു
കൂപ്പുകൈ കാലവർഷമേ.

-പി കുഞ്ഞുരാമൻ നായർ

# നിഴൽ

നിൻെറയടുക്കലൊന്നു വരണം
നിന്നിൽ മറന്നു വെച്ച എന്നെ
നീയറിയാതെ
തിരികെയെടുക്കണം.
കണ്ണുകൾ കോർക്കാതെ
ഓടിയകലണം.
ഒന്നുറപ്പാണ്;
എൻെറ കൂടെ നീയും ഉണ്ടാവുമെന്ന്.

# തിത്തിത്താരപ്പൊയ്ക

തിത്തിത്താരപ്പൊയ്കേലുണ്ടൊരു
മാക്കിറി ചത്തു കിടക്കിന്നു
പത്തുനൂറു കാടന്മാരുണ്ടെത്തി വലിഞ്ഞു
നോക്കുന്നു
അതിലൊരു കൊച്ചുകാടൻ
കിങ്ങിണി കെട്ടിത്തുള്ളുന്നു
തുള്ളുന്നു കൊതി തുള്ളുന്നു
തള്ളക്കാടനും തുള്ളുന്നു

# ഓമനപ്പൂവി

പൊട്ടിക്കരയിണ്ടോല  ഓമനപ്പൂവി
എന്നും കരയിണ്ടോല  ഓമനപ്പൂവി
നമ്മള ഓടം കൊടക്കിണ്ടി ബാപ്പാ
എന്നേ വില്ക്കില്   ബാപ്പാ ഓടം
ബില്ലായേ

---

# തങ്കക്കൊടി

ഊഞ്ഞാലാടാൻ വാടി പെണ്ണേ

നല്ല പെണ്ണേ തന്കക്കൊടി

എനിക്കെന്റെ കാൽ കുഴഞ്ഞ്

ഒരടിയും നടക്കാൻ മേലേ

എനിക്കിരിക്കും കിഴക്കഞ്ചേല

എടുത്തുടനേ കൊടുക്കിനമ്മേ!

ഇനിയെങ്കിലും വാടി പെണ്ണേ

നല്ല പെണ്ണേ തങ്കക്കൊടി...

## പാവയ്ക്ക

ഒന്നാം നാട്ടില് ചെന്നപ്പൊഴ്

ഒന്നര വട്ടിപ്പാവയ്ക്ക

അമ്മ പറിക്കണോ മോള് പറിക്കണോ

പൊന്നാരംബം പാവയ്ക്ക

കുത്തടി മന്കെ ചേറ്റടി മന്കെ

പൊന്നാരംബം പാവയ്ക്ക

ഞാൻ കറിവെയ്യാ നീ

കറിവെയ്യാപൊന്നാരംബം പാവയ്ക്ക

.....................................................................................................................................

.....

# ഒന്നാനാം കുന്നിൽ....

ഒന്നാനാം കുന്നിൽ

ഒരടിക്കുന്നിന്മേൽ

ഒരായിരം കിളി കൂട്ടുവെച്ചു

കുട്ടിന്നിളം കിളി

താമര പൈങ്കിളി

താനിരുന്നാടുന്ന പൊന്നാല...

# ഇടിതാളം തേടി....

നമ്മുടെ മാതാവ്-കൈരളി - പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെന്‌കാൽച്ചിലന്‌ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെണ്മുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂന്‌കണുത്താലൽ
പാടിയിരുന്ന പഴന്‌കഥപ്പാട്ടുകൽ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

സെന്റ് ആൻസ് ജി എച്ച് എസ് എസ്
കോട്ടയം

# ശലഭ സ്വപ്നം

നിറമുള്ള സ്വപ്നങ്ങൾ ചിറകിലെന്തി
ഒരു കൊച്ചു ശലഭമായ് വന്നിടുന്നു.
ഞാൻ ഒരു വർണ്ണശലഭമായ് വന്നിടുന്നു.

സത്യവും നീതിയും എങ്ങും വിളങ്ങുന്ന
ഒരു കൊച്ചുലോകമാണെൻെറ സ്വപ്നം.

ശ്വാസനിശ്വാസങ്ങൾ പ്രാർത്ഥനയാകുന്ന
പരമമാം പ്രേമമാണെന്റെ സ്വപ്നം.

ശലഭമായ് വന്നു ഞാൻ എളിമയായ്
ചൊല്ലുന്നു.
വിഫലമായ് പോവില്ലയെൻെറ സ്വപ്നം
വിഫലമായ് പോവില്ല ശലഭ സ്വപ്നം.

# പുഞ്ചിരി

ജ്വലിച്ചു നിൽക്കുന്ന സൂര്യനെപ്പോലെ
തിളക്കമേറിയൊരു പുഞ്ചിരി
ഏഴഴകുള്ള മഴവില്ലുപോലെ
പലവർണ്ണങ്ങൾ നിറയുമാ പുഞ്ചിരി

---

# പ്രളയം

പൊരിയുന്നു ഞാനീ
വേനലിൽ ചട്ടിയിൽ
മഴയുടെ വരവൊന്നു കാണുവാനായ്
പിടയുന്ന മണ്ണിന്റെ
ദാഹം ശമിപ്പിക്കാൻ
കരഞ്ഞു കണ്ടെത്തി
ഇടവമാസം
മണ്ണിന്റെ ദാഹം

ശമിപ്പിച്ചോലിപ്പിച്ച്
വന്നെത്തി മഴവെള്ളം
അരുവിയായി

വയലും നിറഞ്ഞു
കിണറും നിറഞ്ഞു
മിഴികളാൽ കാണുന്ന
കുഴിയും കവിഞ്ഞു

വീട് മുടിഞ്ഞെന്നെ
നാടും മുടിഞ്ഞു
മലകൾ കരഞ്ഞു

ഐക്യ മനസ്സോടെ
നാളൊരു നാളിലാ
പെരുവെള്ളപാച്ചിൽ
മുറിച്ചു നീന്തി

നാടിന്റെ ഐക്യ
കണ്ടൊരാ പേമാരി
നാണിച്ചു നീന്തി

# പെയ്തു തീർന്ന മഴ

ഇന്നലെ പെയ്തുതീർന്ന മഴ
എൻെറ സന്തോഷമായിരുന്നു
എൻെറ സൗഹൃദമായിരുന്നു
എൻെറ പ്രണയമായിരുന്നു
എൻെറ വിരഹമായിരുന്നു

മഴയുടെ അവസാനതുള്ളിയും
വലിച്ചെടുത്ത ഭൂമിയെപ്പോലെ
എന്നാൽ എന്തിനെന്നറിയാതെ
ഞാനും
എല്ലാം എന്നിലെക്ക് തിരിച്ചെടുത്തു
വീണ്ടും മഴയായ് തീരുവാൻ വെമ്പുന്ന
വെള്ളത്തുള്ളിയെപ്പോലെ
എൻെറ മനസ്സും കൊതിക്കുന്നു.

# നന്ദി.......

കുട്ടികളുടെ രചനാവൈഭവത്തിൽ നിന്നും സർഗാത്മകശേഷിയിൽ നിന്നും ജീവൻ ലഭിച്ച സാഹിത്യസൃഷ്ടികൾ വായിക്കാനും അതിനൊപ്പം അത് ആസ്വദിക്കാനും സന്മനസ്സുകാണിച്ച ഏവർക്കും നന്ദി.

ഇത്തരം കലാസൃഷ്ടികൾ ഒരുമിപ്പിക്കാനും ഞങ്ങൾക്കവസരം തന്നതും ഞങ്ങൾക്കു വേണ്ട എല്ലാ സഹായസഹകരണങ്ങളും ഒരുക്കിത്തന്നതുമായ ലിറ്റിൽ കൈറ്റ്സ് മാസ്റ്റേർസായ ഫെബി മിസ്സിനോടും സോഫിയാ സിസ്റ്ററിനോടും;അതിലുപരി ഞങ്ങളെ ഇതിനായി പ്രചോദിപ്പിച്ച ഹെഡ്മിസ്ട്രസ് സോഫിയാ സിസ്റ്ററിനോടും മറ്റെല്ലാ അധ്യാപകരോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഇതിനുവേണ്ടുന്ന എല്ലാ സഹായസഹകരണങ്ങളും തിരഞ്ഞെടുത്ത് നൽകിയതുമായ എല്ലാ കൂട്ടുകാരോടും നന്ദി അറിയിക്കുന്നു. ഏവർക്കും ഒരുപാട് നന്ദി..................

എന്ന്,

മാഗസിൻ ബോർഡ്

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ..........

# നന്ദിയുടെ നറുമലരുകൾ



സെന്റ് ആൻസ് ജി എച്ച് എസ് എസ്

കോട്ടയം